## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 970 — 08.01.2014 ന് മറുപടിയ്ക്ക്

### അക്കാദമി ഫോർ സ്കിൽഡ് എക്സലൻസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. എം.പി. വിൻസെന്റ് :<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അക്കാദമി ഫോർ സ്കിൽഡ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. 28.3.2012 ൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു നോൺ പ്രോഫിറ്റ് കമ്പനി (1959 – ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ-25 പ്രകാരം രജിസ്റ്റർ ചെയ്ത കമ്പനി) കേരള – ലക്ഷദ്വീപ് രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ U80229KL2012NPL030883 20.11.2012 നമ്പരായ സർട്ടിഫിക്കറ്റ് ഓഫ് ഇൻ കോർപ്പറേഷൻ പ്രകാരം പ്രവർത്തനം ആരംഭിക്കുകയുണ്ടായി. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) ആധുനിക ലോകത്തിൽ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന നൂതന തൊഴിൽ മേഖലകളിലേയ്ക്ക് ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ്, ഈ നോൺപ്രോഫിറ്റ് കമ്പനിയുടെ പ്രധാന ലക്ഷ്യം. കൺസ്ട്രക്ഷൻ, നഴ്സിംങ്, സെക്യൂരിറ്റി, ഓയിൽ ആന്റ് ഗ്യാസ്, ഹൈടെക് ഓട്ടോമേഷൻ, റീട്ടെയിൽ, ഓട്ടോമൊബൈൽ, ടൂറിസം. ഹോസ്പിറ്റാലിറ്റി, ഫിനാൻസ് ആന്റ് ബാങ്കിംഗ് എന്നീ മേഖലകളിൽ വിവിധങ്ങളായ വൈദഗ്ധ്യവികസന ഉദ്യമങ്ങൾ നടപ്പാക്കുകയാണ് KASE-ന്റെ പ്രധാന ലക്ഷ്യം. |

(സി) ഏതെല്ലാം പദ്ധതികളാണ് ഈ സ്ഥാപനം വഴി നടപ്പിലാക്കിയത് ;

(ഡി) ഇവ ഏതെല്ലാം തൊഴിൽ മേഖലയിലാണ് നടപ്പിലാക്കിയത്; വിശദാംശങ്ങൾ നൽകുമോ ?

***(സി) & (ഡി)*** 2013 മെയ് മാസം മുതൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. കൂടാതെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and construction (IIIC) സ്ഥാപിക്കുവാനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. മറ്റു തൊഴിൽ വൈദഗ്ധ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ